"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം - കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി - വിവിധ കാരണങ്ങളാൽ യഥാസമയം ആരംഭിച്ച് നിർമ്മാണം നടത്താൻ സാധിക്കാത്ത ജി.എം.യു.പി.എസ് ചീരാൻ കടപ്പുറം (സ്കൂൾ കോഡ് : 19679) സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.8152/2024/GEDN തീയതി,തിരുവനന്തപുരം, 18-11-2024

പരാമർശം:-
1. 18.06.2019 - ലെ സ.ഉ.(സാധാ) നമ്പർ. 2396/2019/പൊ.വി.വ
2. 12.05.2022 - ലെ സ.ഉ (സാധാ) നം. 3588/2022/ധന
3. കില ചീഫ് മാനേജരുടെ 03.06.2024 - ലെ - 2024/3511/KPMU നമ്പർ കത്ത്
4. വിദ്യാകിരണം എക്സിക്യൂട്ടിവ് സെക്രട്ടറിയുടെ 04.06.2024 - ലെ 90/2024/KEM നമ്പർ കത്ത്.

ഉത്തരവ്

കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ 446 പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പരാമർശം (1) പ്രകാരം കിലയെ എസ്.പി.വി - യായി ചുമതലപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

(2) വിവിധ കാരണങ്ങളാൽ റീടെൻഡർ ആവശ്യമായി വരുന്ന നിർമ്മാണ പ്രവർത്തികൾക്ക് നിലവിൽ സാങ്കേതിക അനുമതി 2016 ഡി.എസ്.ആർ നിരക്കിലും 12% ജി.എസ്.ടി - യും ഉൾപ്പെടുത്തിയാണ് നല്കിയിരിക്കുന്നതെന്നും ടി പ്രവർത്തികളുടെ എസ്റ്റിമേറ്റ് , 2018 - ലെ ഡി.എസ്.ആർ പ്രകാരം ജി.എസ്.ടി നിരക്ക് 18% - ആയി പുതുക്കി നൽകിയാൽ മാത്രമേ സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികളിൽ ഏർപ്പെടുവാൻ സാധിക്കുകയുള്ളു എന്നും ഇപ്രകാരം പുതുക്കിയ ജി.എസ്.ടി നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കിഫ്ബി അംഗീകരിച്ച തുകയേക്കാൾ 30% - ത്തോളം അധിക തുക ആവശ്യമായി വരുന്നുണ്ടെന്നും ഒരു കോടി രൂപയുടെ പ്രവർത്തികൾക്ക് മേൽ കാരണങ്ങളാൽ 1.30 കോടി രൂപയാക്കി നിർവ്വഹണം നടത്തുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ജി.എം.യു.പി.എസ് ചീരാൻ കടപ്പുറം (സ്കൂൾ കോഡ് : 19679) സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി തുക 1.30 കോടി രൂപയാക്കി

പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കില ചീഫ് മാനേജർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ അടിസ്ഥാന സൗകര്യവികസനത്തിനായി കിലയെ എസ്.പി.വി -യായി ചുമതലപ്പെടുത്തി റീടെൻഡർ ആവശ്യമായി വന്നിട്ടുള്ള ജി.എം.യു.പി.എസ് ചീരാൻ കടപ്പുറം (സ്കൂൾ കോഡ് : 19679) സ്കൂളിന്റെ നിർമ്മാണ പ്രവർത്തിക്ക് പുതുക്കിയ നിരക്കിൽ 1.30 കോടി രൂപ വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കിഫ്ബി , തിരുവനന്തപുരം

3. ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ , വിദ്യാകിരണം മിഷൻ , തിരുവനന്തപുരം

4. ഡയറക്ടർ , കില, മുളങ്കുന്നത്തുകാവ് , തൃശ്ശൂർ .

5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരള , തിരുവനന്തപുരം

6. ധനകാര്യ വകുപ്പ് (18.10.2024 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. ഇൻഫ്രാ - 2/24/2024/ധന പ്രകാരം)

7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

8. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sajitha V
Date: 18-11-2024 17:14:45
സെക്ഷൻ ഓഫീസർ